# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 1564**

**16.03.2015 - ൽ**
**മറുപടിക്ക്**

### നീരയുടെ വിപണനം

**ചോദ്യം**
**ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി**

**മറുപടി**
**ശ്രീ.കെ.പി.മോഹനൻ**
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| എ) നീരയുടെ വിപണനം വിപുലീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | എ) നാളികേര വികസന കോർപ്പറേഷൻ തിരുവനന്തപുരം സെക്രട്ടറിയേറ്റിൽ സ്ഥാപിച്ചിട്ടുള്ള വെൻഡിംഗ് മെഷീൻ മുഖേനയും നാളികേര വികസന കോർപ്പറേഷന്റെ എലത്തൂർ, എറണാകുളം ജില്ലയിലെ വൈറ്റില എന്നിവിടങ്ങളിലെ വിൽപന കേന്ദ്രങ്ങൾ മുഖേനയും നീര വിപണനം നടത്തുന്നുണ്ട്. എല്ലാ ജില്ലാ കേന്ദ്രങ്ങളിലും നീര വെൻഡിംഗ് മെഷീൻ സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) കേരകർഷകർക്ക് നീര വിൽപനയുടെ ഗുണഫലങ്ങൾ ലഭ്യമാക്കുന്നതിന് ആവിഷ്ക്കരിച്ച പദ്ധതികൾ വ്യക്തമാക്കുമോ; | ബി) നാളീകേര കർഷകരുടെ കൂട്ടായ്മയിലൂടെ നീര ഉത്പാദക സംഘങ്ങൾ രൂപീകരിച്ച് കർഷകരിൽ നിന്നും നേരിട്ട് നീര ശേഖരിക്കുന്നതിനുള്ള പദ്ധതി നാളികേര വികസന കോർപ്പറേഷൻ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ ഒരു തെങ്ങിൽ നിന്നും ശരാശരി 1500 രൂപ പ്രതിമാസ വരുമാനം ലഭിക്കും. |
| സി) നീര ഉൽപാദനത്തിനായി രൂപീകരിച്ച സഹകരണ സംഘങ്ങളുടെ ജില്ല തിരിച്ചുള്ള പേരു വിവരങ്ങൾ നൽകാമോ? | സി) നാളികേര വികസന കോർപ്പറേഷൻ നീര ഉത്പാദനത്തിനായി കോഴിക്കോട് ജില്ലയിൽ കൂരാച്ചുണ്ട്, തലക്കുളത്തൂർ, മലപ്പുറം ജില്ലയിൽ പുൽപ്പറ്റ പഞ്ചായത്ത്, പാലക്കാട് ജില്ലയിൽ പട്ടഞ്ചേരി, കാസർഗോഡ് ജില്ലയിൽ പീലിക്കോട് എന്നിവിടങ്ങളിലായി അഞ്ച് സൊസൈറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ